# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. * 299 — 03.04.2013- ലെ മറുപടിക്ക്

## വൻതുക അടങ്കൽ ചെലവുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ:<br>,, ഡൊമിനിക് പ്രസന്റേഷൻ:<br>,, കെ. മുരളീധരൻ:<br>,, കെ.ശിവദാസൻ നായർ: | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) വൻതുക അടങ്കൽ ചെലവുള്ള പദ്ധതികൾക്ക് ആസൂത്രണ ബോർഡിന്റെ പ്രത്യേക അനുമതി നിർബന്ധമാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ; | (എ) താഴെപ്പറയുന്ന 10 വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികളെയും ഒരു ശീർഷകത്തിൻ കീഴിലാക്കി 846.03 കോടി രൂപ 2013-14 വർഷത്തെ ബജറ്റിൽ നീക്കിവച്ചിരിക്കുകയാണ്.<br>1) ഹൈസ്പീഡ് റയിൽ കോറിഡോർ<br>2) കൊച്ചി - പാലക്കാട് നാഷണൽ ഇൻവെസ്റ്റ്മെന്റ് ആന്റ് മാനുഫാക്ചറിംഗ് സോൺ.<br>3) പെട്രോളിയവും കെമിക്കൽസും പെട്രോകെമിക്കൽസ് ഇൻവെസ്റ്റ്മെന്റ് മേഖലയും.<br>4) വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ തുറമുഖം.<br>5) കൊച്ചി മെട്രോ.<br>6) തിരുവനന്തപുരത്തും കോഴിക്കോട്ടും മോണോ റയിൽ പദ്ധതി.<br>7) കണ്ണൂർ എയർപോർട്ട്.<br>8) മൊബിലിറ്റി ഹബ്<br>9) 35-ാം ദേശീയ ഗെയിംസ്<br>10) തലസ്ഥാന നഗര വികസന പദ്ധതി<br>ഈ ഫണ്ടിന്റെ നിയന്ത്രണവും വിനിയോഗവും ആസൂത്രണകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചുമതലയിലായിരിക്കും. സംസ്ഥാന ആസൂത്രണ ബോർഡിന്റെയും ആസൂത്രണകാര്യ വകുപ്പ് സെക്രട്ടറിയുടെയും ശുപാർശയുടെ അടിസ്ഥാനത്തിലായിരിക്കും ധനകാര്യ വകുപ്പ് ഫണ്ട് നൽകുക. |

| | | | |
|---|---|---|---|
| (ബി) | എത്ര തുകയ്ക്ക് മുകളിലുള്ള പദ്ധതികൾക്കാണ് പ്രത്യേക അനുമതി നിർബന്ധമാക്കിയിട്ടുള്ള തെന്ന് വിശദീകരിക്കുമോ ; | (ബി) | പദ്ധതികളുടെ സ്വഭാവമനുസരിച്ചാ യിരിക്കും പ്രത്യേകാനുമതി. |
| (സി) | ആസൂത്രണ ബോർഡ് ഇത്തരം പദ്ധതികാര്യങ്ങളിൽ എന്തൊക്കെ യാണ് പരിശോധിക്കാനുദ്ദേശി ക്കുന്നത് ; | (സി) | പദ്ധതികളുടെ സാങ്കേതികപരമായും ധനപരമായുമുള്ള ഫീസിബിലിറ്റിയാണ് പരിശോധിക്കുന്നത്. |
| (ഡി) | ഇതിനായി എന്തെല്ലാം സജ്ജീ കരണങ്ങളാണ് ആസൂത്രണ ബോർഡിൽ ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ? | (ഡി) | ആസൂത്രണ ബോർഡിലെ സാങ്കേതിക വിഭാഗം ജീവനക്കാരും കൂടാതെ പ്രോജക്ട് ഫിനാൻസിംഗ് സെല്ലും പദ്ധതികളുടെ വിവിധ തലങ്ങൾ പരിശോധിക്കുന്നതാണ്. |

**സെക്ഷൻഓഫീസർ.**